**തൊഴിലാളി യൂണിയൻ നേതാവ്**
**എന്നതിനപ്പുറമുള്ള ശങ്കർ ഗുഹാ**
**നിയോഗിയുടെ കാഴ്ചപ്പാടുകളും**
**ജീവിതവും അടുത്തറിയാൻ കഴിഞ്ഞതിന്റെ**
**അനുഭവങ്ങൾ വിവരിക്കുന്നു**

**എ. മോഹൻകുമാർ**

# നിയോഗിയുടെ ജൈവരാഷ്ട്രീയം

*"ഹവാനയിലെ പുഷ്പാലങ്കൃതമായ തെരുവുകളിലൂടെ ഒരു അച്ഛനും മകനും നടന്നു പോവുകയായിരുന്നു. കഷണ്ടികയറി, മെലിഞ്ഞ ശരീരമുള്ള ഒരു മാന്യൻ, ധൃതിയിൽ കടന്നുപോകുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടു.*

*അച്ഛൻ മകനു മുന്നറിയിപ്പു നൽകി. അയാളെ സൂക്ഷിക്കണം. പുറമേയ്ക്ക് വെളുത്തവനെങ്കിലും അയാളുടെ ഉള്ള് കറുത്തിട്ടാണ്.*

*ഫെർണാണ്ടോ ഓട്ടിസ് എന്ന ആ മകന് അന്ന് പതിനാലായിരുന്നു പ്രായം.*

*വർഷങ്ങൾക്കുശേഷം ഫെർണാണ്ടോയ്ക്ക് അയാളുടെ തന്നെ കറുത്ത ക്യൂബൻ വേരുകളെ രക്ഷപ്പെടുത്തി എടുക്കേണ്ടി വന്നു. വംശീയ വിവേചനത്തിന്റെ നൂറ്റാണ്ടുകളിൽ നിന്നുള്ള മോചനം.*

*അന്നു ധൃതിയിൽ കടന്നു പോയ മൊട്ടത്തലയൻ അപകടകാരിയായ മാന്യൻ, ജോസ് മാർട്ടി ആയിരുന്നു. ബഹുഭൂരിപക്ഷം ക്യൂബൻമാരേയും പോലെ, അയാളും ഒരു സ്പെയിൻകാരന്റെ മകനായിട്ടാണ് പിറന്നത്. അയാൾ ഇങ്ങനെ വിളിച്ചു പറഞ്ഞിരുന്നു. "നമുക്കെല്ലാം പൊയ്മുഖങ്ങളാണ്. നാം ധരിക്കുന്നത് ഇംഗ്ലണ്ടിൽ നിന്നുള്ള കോണകമാണ്. പാരീസിൽ നിന്നുള്ള അടിയുടുപ്പും അമേരിക്കയിൽ നിന്നുള്ള പാവാടയും പുറമെ സ്പെയിനിൽ നിന്നും വന്ന തൊപ്പി തലയിലും അണിയുന്നു."*

*നാഗരികത എന്ന വ്യാജ മേലങ്കി ഉരിഞ്ഞെറിയുവാൻ അദ്ദേഹം പരസ്യമായി ആഹ്വാനം ചെയ്തു.*

*"മേലങ്കികളും തുന്നിപ്പിടിപ്പിച്ച കിന്നരികളും വലിച്ചെറിയു" അദ്ദേഹം പറഞ്ഞു. "ലോകത്തിന്റെ സർവ്വ ഐശ്വര്യങ്ങളും ഒരു വിത്തിന്റെ ഉള്ളിൽ ഒതുങ്ങുന്നതു മാത്രം."*

*ഹവാനയിലെ പ്രത്യക്ഷപ്പെടലിനു ശേഷം മാർട്ടി ക്യൂബൻ മലനിരകളിലേക്ക് പോയി. ഒരു സ്പെയിൻകാരന്റെ വെടിയുണ്ട തന്റെ കുതിരപ്പുറത്തു നിന്നും വീഴ്ത്തുന്നതുവരെ ക്യൂബൻ ജനതയ്ക്കുവേണ്ടി അദ്ദേഹം പോരാടിക്കൊണ്ടിരുന്നു."*

**– മാർട്ടി – എഡ്വേർഡോ ഗലീനോ എഴുതിയ 'മിറേഴ്സ്' എന്ന പുസ്തകത്തിൽ നിന്ന്**

ഒരു മുത്തങ്ങയോ, ദണ്ഡവാഡയോ (ദണ്ഡകാരണ്യം) ഇല്ലെങ്കിൽ ഗവേഷണ പടുക്കളുടെ വിഷയങ്ങൾ മാത്രമായി മുഖ്യധാരാ വാർത്തകൾക്ക് വിഷയീഭവിക്കാതെ ഒടു

ങ്ങുന്നവരാണ് ആദിമനിവാസികൾ. അവരുടെ ഭാഷ, സംസ്കാരം, വൈദ്യം, ഭക്ഷണം, കൃഷി തുടങ്ങി രക്തവും മുടിയും വരെ ഗവേഷണ വിഷയമാക്കി എത്രയോ പേർ ഇന്ത്യയിലും പുറത്തും വിലസുന്നു. അവരുടെ ജീവിതം കൂടുതൽ കൂടുതൽ ദുരിത പൂർണ്ണമായി വരുന്ന വർത്തമാന കാലത്തിൽ, പടയോട്ടക്കാരാലും കുടിയേറ്റക്കാരാലും വിഭവ മാഫിയകളാലും നിരന്തരമായി ഒതുക്കലിനു വിധേയരാവുകയാണ് ലോകത്തെങ്ങുമുള്ള ആദിമവാസികളെ പോലെ ഇന്ത്യയിലെ ആദിവർഗ്ഗങ്ങളും. ശക്തരായ ഭരണവർഗ്ഗങ്ങളുടെ സൈനികവും നിയമപരവുമായ സംരക്ഷണം മാന്യരായി വേഷം ധരിക്കുകയും തീൻമേശ മര്യാദകൾ തുടങ്ങി എന്തിനും തങ്ങളുടെ ചിട്ടവട്ടങ്ങൾ മേത്തരം എന്ന് കരുതുകയും ചെയ്യുന്ന പകൽ കൊള്ളക്കാർക്ക് ലഭിക്കുന്നു. സമതലങ്ങളിൽ നിന്നും കാടുകളിലേക്കും കാടുകളിൽ നിന്നു മലനിരകളിലേക്കും നിരന്തരമായി ആട്ടിയോടിക്കപ്പെട്ട ആദിമനിവാസികളുടെ ചരിത്രം കേവലം കീഴടങ്ങലുകളുടേതായിരുന്നില്ല, പോരാട്ടങ്ങളുടെതു കൂടി ആയിരുന്നു എന്ന് ഓർമ്മപ്പെടുത്തുകയാണ് ഛത്തീസ്ഗഢിലെ മലനിരകളിലെ ജനവിഭാഗങ്ങളൊപ്പം ജീവിച്ച ശങ്കർ ഗുഹാനിയോഗി തന്റെ കർമ്മസാന്നിദ്ധ്യത്തിലൂടെ.

എഴുപതുകളിൽ ബംഗാളിൽ നിന്നും ഭിലായ് ഉരുക്കുനിർമ്മാണശാലയിലെത്തിയ നിയോഗിക്ക് അടിമ സമാനമായ തൊഴിൽ സാഹചര്യങ്ങളെ ആണ് അവി ടെ നേരിടേണ്ടി വന്നത്. മാനേജ്മെന്റിന്റേയും തൊഴിലാളികളുടേയും ഇടയിലെ കങ്കാണികളായി മുഖ്യധാരാ തൊ ഴിലാളി യൂണിയനുകൾ അധ:പതിച്ചു കഴിഞ്ഞിരുന്നു. ഒരു മിലിറ്റന്റ് തൊഴിലാളി പ്രസ്ഥാനത്തിന്റെ അഭാവം നിയോഗിയിലൂടെ പരിഹരിക്കപ്പെടുമ്പോൾ, ഭിലായ് സ്റ്റീൽ മേഖലയിലാകെ ഒരു നവോത്ഥാനം കൈവരുകയായിരുന്നു. തൊഴിലാളികൾക്ക് പ്രത്യാശയുടെ ഒരു പുതുയുഗം പിറവി കൊള്ളുന്നതായി അനുഭവപ്പെട്ടു. എന്നാൽ നിയോഗിയെ തകർക്കുവാൻ ഭിലായ് സ്റ്റീൽസ് മാനേജ്മെന്റിനോടൊപ്പം ഇടതു വലതുപക്ഷ തൊഴിലാളി സംഘടനാ നേതൃത്വവും സ്വകാര്യകുത്തക മുതലാളിമാരും കരാറുകാരും കൈ കോർക്കുകയായിരുന്നു. അറസ്റ്റുകൾകൊണ്ടും മർദ്ദനങ്ങൾ കൊണ്ടും നിയോഗിയെ ഒതുക്കാനാവില്ലെന്നു മനസ്സിലാക്കിയ ജനവിരുദ്ധ ശക്തികൾ ഒത്തുചേർന്ന് അദ്ദേഹത്തെ വധിക്കുവാൻ തീരുമാനിച്ചു. ഭിലായ് മാനേജ്മെന്റിലെ ഉയർന്ന ഉദ്യോഗസ്ഥർ ഹവാല ഇടപാടുകളിലൂടെ കുപ്രസിദ്ധരായ ജയിൽ ഗ്രൂപ്പ് മദ്യവ്യവസായ കുത്തകകളായ ഖേഡിയ, കരാറുകാർ, ട്രേഡ് യൂണിയൻ കങ്കാണിമാർ എന്നിവരെല്ലാം ഒത്തു ചേർന്ന് ഭരണകൂടത്തിന്റെ ഒത്താശയോടെ ആ മനുഷ്യ സ്നേഹിയെ നിശബ്ദനാക്കിയിട്ട് ഇരുപത് വർഷം പൂർത്തിയാവുന്നു.

1991 സെപ്തംബർ മാസത്തിലെ അവസാനവാരത്തിലാണ് ദല്ലിരാജ്ഹാരയിലെ ചത്തീസ്ഗഡ് മുക്തി മോർച്ച (സി.എം.എം) ഓഫീസിൽ എത്തുന്നത്. ഭിലായ് ഉരുക്കുശാലയുടെ ഇരുമ്പയിരു ഖനികൾ കാർന്നു തിന്ന മലനിരകൾ അവിടെ ചത്തീസ്ഗഡ് ശ്രമിക് മസ്ദൂർ സംഘിന്റെ ചുവപ്പും പച്ചയും കൊടി പാറികൊണ്ടിരുന്നു. മൂന്നു നിലകളിലായി മുന്നൂറ് മുറികളുള്ള ശഹീദ് ആശുപത്രിയും തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാലയങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും എല്ലാം ഖനിതൊഴിലാളികളുടെ തന്നെ മുൻകൈയിൽ നടന്നു വന്നിരുന്നു. ചത്തീസ്ഗഡ് അന്ന് മദ്ധ്യപ്രദേശിന്റെ ഭാഗമായിരുന്നു. ഛത്തീസ്ഗഡ് വിമോചന മോർച്ചയുടെ മൂന്നു നിയമസഭാംഗങ്ങൾ മദ്ധ്യപ്രദേശ് നിയമസഭയിൽ ഉണ്ടായിരുന്നു. ഡോ. ബിനായക് സെന്നും ഡോ. ജാനയും ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങൾക്ക് നേതൃത്വം കൊടുത്തു. ഇന്ത്യയുടെ പലഭാഗത്തുനിന്നും ഉശിരൻ ചെറുപ്പക്കാർ നിയോഗിയെയും സി.എം.എന്റെ പ്രവർത്തനങ്ങളെയും പറ്റി മനസ്സിലാക്കുവാൻ അവിടെ എത്തിക്കൊണ്ടിരുന്നു. കേരളത്തിൽ നിന്ന് ഡോക്യുമെന്ററി സംവിധായകൻ കെ.പി.ശശിയും വി.ടി. പത്മനാഭനും എനിക്കു മുമ്പേ ഛത്തീസ്ഗഡിൽ എത്തിയിരുന്നവരാണ്. ശശിയുടെ കാർട്ടൂണുകൾ അവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഉപയോഗിച്ചിരുന്നു.

മനുഷ്യത്വപരമായ തൊഴിലവകാശങ്ങൾക്കുവേണ്ടി സമരം ചെയ്ത തൊഴിലാളികളെ വെടിയുണ്ടകൾകൊണ്ട് നേരിട്ടപ്പോൾ പതിമൂന്നുപേർ മരിച്ചു വീണു. അവരുടെ നിണാടയാളങ്ങൾ കുറിച്ചിട്ടത് പതിമൂന്ന് ചന്ദനമരങ്ങൾ പരിലാളിച്ചുകൊണ്ടായിരുന്നു. (നിയോഗിയുടെ നേതൃത്വം ദല്ലിരാജ്ഹാര ഖനികളിലെ തൊഴിലാളികൾക്ക് ലഭിക്കുന്നത് തടയുവാൻ ഭരണകൂടവും ചൂഷകരായ കരാറുകാരും മദ്യലോബിയും ട്രേഡ് യൂണിയൻ കങ്കാണിമാരും ഒന്നിച്ചു നിൽക്കുകയായിരുന്നു.) സൂര്യോദയം മുതൽ അസ്തമയം വരെ പണിയെടുക്കാൻ മൂന്നു രൂപ കൂലിയായി നൽകും. മർദ്ദനവും ഭീഷണിയും സ്ത്രീകളെയും കുട്ടികളെയും ചൂഷണ വിധേയരാക്കുന്നതും പതിവായിരുന്നു. സഹികെട്ട തൊഴിലാളികൾ പൊട്ടിത്തെറിയുടെ വക്കിലെത്തിയപ്പോൾ അന്നത്തെ തൊഴിലാളി നേതൃത്വത്തിൽ സമരം പ്രഖ്യാപിച്ചു. പക്ഷെ, അവകാശങ്ങൾ ഒന്നും നേടിക്കൊടുക്കാതെ, സംയുക്ത ഇടതുവലതു നേതാക്കൾ പിൻവലിഞ്ഞ സാഹചര്യത്തിലായിരുന്നു വിശ്വസിക്കാവുന്ന ഒരു നേതൃത്വത്തിനുവേണ്ടി നിസ്സഹായരായ തൊഴിലാളികൾ നാലുപാടും തിരഞ്ഞത്. ഛത്തീസ്ഗഡിലെ ഡാനിറ്റോലയിലെ ഫ്ളോർ സ്പാർ ഖനികളിൽ കല്ലുടച്ചുകൊണ്ടും ആട്ടിടയനായി ചുറ്റിക്കറങ്ങിയും ഛത്തീസ്ഗഢിന്റെ പ്രശ്നങ്ങൾ ആഴത്തിൽ മനസ്സിലാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന നിയോഗിയെ അവർ പ്രത്യാശയോടെ ഉറ്റുനോക്കിയത് സ്വാഭാവികം മാത്രമായിരുന്നു. തൊഴിലാളികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ദല്ലിരാജ്ഹാരയിലെത്തിയ നിയോഗിക്ക് കാറും സുഖസൗകര്യങ്ങളുള്ള തമാസസ്ഥലവും വലിയ തുക അലവൻസും നൽകാമെന്ന് പറഞ്ഞപ്പോൾ അവയൊക്കെ നിരസിക്കുകയും അവരിൽ ഒരാളായി കഴിയുവാൻ ഒരു കുടിലും പത്ത് തൊഴുത്തും തന്നാൽ മതിയെന്നും സംഘടനയുടേ നേതൃത്വം തൊഴിലാളികളുടെ കൈയിലായിരിക്കണമെന്നും അവരുടെ പ്രവർത്തക സെക്രട്ടറി മാത്രമായിരിക്കും താൻ എന്നും നിയോഗി അറിയിച്ചു. ഇത്തരം സുഖ സൗകര്യങ്ങളൊക്കെ തൊഴിലാളികളിൽ നിന്നും തട്ടിയെടുത്ത് കഴിഞ്ഞിരുന്നവരായിരുന്നു അവിടുത്തെ എല്ലാ സംഘടനാ നേതാക്കളും. എന്നിട്ടും അവർ നിർണ്ണായക ഘട്ടത്തിൽ തൊഴിലാളികളെ വഞ്ചിച്ചു.

നിയോഗിയുടെ ആഗമനം ഇതര സംഘടനകളേയും ഭരണകൂടത്തേയും മാനേജ്മെന്റിനേയും കരാർകാരേയും



മദ്യലോബിയേയും എല്ലാം ഒരുപോലെ ഞെട്ടിച്ചു. നിയോഗി ദല്ലിരാജ്ഹാരയിൽ എത്തിയ ഉടൻ അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാൻ വൻ പോലീസ് സന്നാഹം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എത്തി. എന്നാൽ തൊഴിലാളികൾ അദ്ദേഹത്തെ കടത്തിക്കൊണ്ടുപോകുവാൻ അനുവദിച്ചില്ല. ആയിരങ്ങൾ പോലീസിനെ വളഞ്ഞുവച്ചു. രാത്രിയും പകലും അവർ നിയോഗിയെ കയറ്റിയ പോലീസ് വാഹനം തടഞ്ഞുവച്ചു. ചർച്ചകളിലൂടെ തൊഴിൽ പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കാതെ തൊഴിലാളികളെ വെടിവെച്ചു വീഴ്ത്തി നിയോഗിയെ കൊണ്ടുപോകാനാണ് അവർ ശ്രമിച്ചത്. വെടിവെപ്പിൽ 12 വയസുള്ള ഒരു കുട്ടിയടക്കം 13 പേർ മരിച്ചു വീണു. സമരം കൂടുതൽ ശക്തമായതിനെ തുടർന്ന് ആദ്യമായി മാനേജ്മെന്റും കാരാർകാരും തൊഴിലാളികളുടെ തൊഴിൽ സമയം എട്ടു മണിക്കൂർ ആക്കുവാനും കൂലി വർദ്ധിപ്പിക്കുവാനും സമ്മതിച്ചു. ഈയൊരു വിജയമാണ് ഛത്തീസ്ഗഡ് ശ്രമിക് മസ്ദൂർ സംഘത്തെ പരിവർത്തനപാതയിലേക്ക്, ആദിമ ജനവിഭാഗത്തെ നയിക്കുവാൻ പ്രാപ്തമായ നിർണ്ണായക ശക്തിയാക്കിമാറ്റിയത്. ഛത്തീസ്ഗഡിലെ പോരാട്ട ചരിത്രത്തിലെ പൂഴ്ത്തിവെയ്ക്കപ്പെട്ട ഒരേട് നിയോഗി കണ്ടെടുത്തു. ആദിമവർഗ്ഗ രാജാവായ വീർ നാരായണൻ സിംഹിന്റെ ബ്രിട്ടീഷുകാർക്കെതിരായ ധീരമായ ചെറുത്തുനിൽപ്പിന്റെ ചരിത്രമായിരുന്നു അത്. ബ്രിട്ടീഷുകാർ തൂക്കിലേറ്റിയ ആദ്യത്തെ സ്വാതന്ത്ര്യസമരസേനാനിയായിരുന്നു നാരായൺ സിംഗ്. അദ്ദേഹത്തിന്റെ ബലിദാന ദിവസം ഛത്തീസ്ഗഡിന്റെ പോരാട്ട സ്മരണ പുതുക്കുവാൻ സിഎംഎം തീരുമാനിച്ചു. ആദിമ ജനതയുടെ നഷ്ടപ്പെട്ട ആത്മവീര്യം തിരിച്ചുപിടിക്കുവാൻ ഇത് സഹായിച്ചു.

**മാനേജ്മെന്റിന്റേയും തൊഴിലാളികളുടേയും ഇടയിലെ കങ്കാണികളായി മുഖ്യധാരാ തൊഴിലാളി യൂണിയനുകൾ അധഃപതിച്ചു കഴിഞ്ഞിരുന്നു. ഒരു മിലിറ്റന്റ് തൊഴിലാളി പ്രസ്ഥാനത്തിന്റെ അഭാവം നിയോഗിയിലൂടെ പരിഹരിക്കപ്പെടുമ്പോൾ, ഭിലായ് സ്റ്റീൽ മേഖലയിലാകെ ഒരു നവോത്ഥാനം കൈവരുകയായിരുന്നു**

ആദിമ ജനതയുടെ അദ്ധ്വാനത്തിന്റെ നിസ്സാരമായ പ്രതിഫലം പോലും തട്ടിയെടുക്കുവാൻ മദ്യകച്ചവടക്കാർ അവിടെ തമ്പടിച്ചിരുന്നു. തൊഴിലാളികളുടെ ആരോഗ്യത്തെയും സംസ്കാരത്തെയും കുടുംബജീവിതത്തെയും തകർക്കുന്ന മദ്യപാനശീലത്തോട് സന്ധിയില്ലാ സമരം പ്രഖ്യാപിച്ചുകൊണ്ടാണ് നിയോഗി ഇതിനെ നേരിട്ടത്. മദ്യപിക്കുമ്പോൾ കേവലം ആരോഗ്യം, പണം എന്നിവ നഷ്ടപ്പെടുന്നതിനേക്കാൾ ഒരു വ്യക്തിയുടെ ആത്മാഭിമാനം കൂടി നഷ്ടപ്പെടുകയാണെന്ന് അദ്ദേഹം പറഞ്ഞു. സ്ത്രീ പുരുഷ ഭേദമന്യേ മദ്യപാനം ശീലിച്ച തൊഴിലാളികളെ മാറ്റിയെടുക്കുക അത്ര എളുപ്പമായിരുന്നില്ല. സ്ത്രീകളുടെ നേതൃത്വത്തിൽ തൊഴിലാളികൾക്കിടയിൽ നടന്ന ബോധവത്കരണവും മദ്യപാനികളോടുതന്നെ നടത്തിയ സന്ധിയില്ലാസമരവും വിജയം വരിച്ചു. 45000 കുപ്പി ചെലവായിരുന്ന മദ്യകടകളിൽ 45 കുപ്പിപോലും ചെലവാകാതെയായി. കുടിയന്മാരായ തൊഴിലാളി യൂണിയൻ നേതാക്കളെപോലും പെണ്ണുങ്ങൾ പിടികൂടി കൈകാര്യം ചെയ്തു. മദ്യലോബികൾക്ക് സ്ഥലംവിടേണ്ടിവന്നു.

1975 –ലെ അടിയന്തിരാവസ്ഥയിൽ നിയോഗിയെയും സഖാക്കളെയും ജയിലിലടച്ചുവെങ്കിലും സിഎംഎംന്റെ പ്രവർത്തനങ്ങളെ തളർത്തുവാൻ കഴിഞ്ഞില്ല. തൊഴിലാളികൾ സ്വയം തങ്ങളുടെ കാര്യങ്ങൾ തീരുമാനിക്കുന്നതിലേക്ക് വളർന്നുവരികയായിരുന്നു. തൊഴിൽസുരക്ഷ, കുട്ടികളുടെ വിദ്യാഭ്യാസം, പരുക്കേൽക്കുന്നവരുടെയും രോഗികളുടെയും ചികിത്സ എന്നിവയൊക്കെ അവരുടെ അജണ്ടയിൽ ഇടം കണ്ടു. പുതിയ വെല്ലുവിളികളെ നേരിടുവാൻ നിയോഗിയുടെ സാന്നിദ്ധ്യമില്ലെങ്കിലും പരോക്ഷമായ ബന്ധം മാത്രം മതിയായിരുന്നു. ഛത്തീസ്ഗഡിലെ തൊഴിലാളിവർഗ്ഗമാകെ, തങ്ങളെ വഞ്ചിക്കില്ലെന്നുറപ്പുള്ള ഒരു നേതൃത്വത്തിനുവേണ്ടി ഉഴലുകയായിരുന്നു. ഭിലായിലെ ആൻസിലിയറി വ്യവസായ മേഖലകളിൽ അടിമപ്പണി ചെയ്തുവന്നവരും ഇതരഖനികളിൽ പണിയെടുത്തിരുന്നവരും നിയോഗിയുടെ സഹായം തേടിക്കൊണ്ടിരുന്നു.

അടിയന്തരാവസ്ഥ പിൻവലിച്ചതിനെ തുടർന്ന് ജയിൽ മോചിതനായ നിയോഗി, അടിയന്തിരാവസ്ഥയുടെ ഇരകൾക്ക് ജനതാ സർക്കാർ നൽകിയ അവാർഡ് തുകകൊണ്ട് ശഹീദ് ഹോസ്പിറ്റലിന് ആംബുലൻസ് വാങ്ങി നൽകി. അപകടങ്ങൾക്കിരയാകുന്നവർക്ക് സത്വരചികിത്സകൾ നൽകാനുള്ള സൗകര്യങ്ങൾ ഇല്ലാത്ത സാഹചര്യമായിരുന്നു ഖനിമേഖലയിൽ. തൊഴിലാളികൾ തന്നെ ആതുരശുശ്രൂഷക

രായി തങ്ങളുടെ സഹോദരങ്ങളെ പരിചരിക്കുന്ന രീതിയാണ് ശഹീദ് ആശുപത്രിയിലേത്. ഡോ. ജാനയും ഡോ. ബിനായക് സെന്നും ഖനിതൊഴിലാളികൾക്ക് വൈദ്യപരിശീലനം നൽകി ശസ്ത്രക്രിയകൾ വരെ നടത്തുവാൻ അവരെ പ്രാപ്തരാക്കിയിരുന്നു.

ദല്ലിരാജ്ഹരയിൽ മൂന്നു ദിവസം താമസിച്ചത് ഡോ. ജാനയോടൊപ്പം ആയിരുന്നു. നിയോഗിയുടെ പ്രവർത്തനമേഖല ഭിലായിയിലും മധ്യപ്രദേശിന്റെ ഇതരഭാഗങ്ങളിലുമായി വ്യാപിച്ചുകഴിഞ്ഞിരുന്നു. സി.എം.എംന്റെ എം.എൽ.എമാരിൽ ഒരാളായ ജനക്‌ലാൽ താക്കൂർ ഭിലായിയിലേക്ക് പോകുന്നുണ്ടെന്ന് അറിഞ്ഞു. ഏകദേശം 400 കിലോമീർ ദൂരെയാണ് ഭിലായി. നിറയെ തൊഴിലാളികളുമായിട്ടാണ് ഠാക്കൂർ എന്ന ആദിമനിവാസികളുടെ ജനപ്രതിനിധി യാത്രയാവുന്നത്. അവരോടൊപ്പം ഇരുമ്പയിരിന്റെ പൊടിപാറുന്ന പാതയിലൂടെ പഴയൊരു ജീപ്പിലായിരുന്നു യാത്ര. വഴിനീളെ ഓരോ ജനവാസകേന്ദ്രങ്ങളിലും ജീപ്പുനിർത്തി നാട്ടുകാരുടെ പ്രശ്നങ്ങൾക്ക് കാതുകൊടുക്കുന്ന വിനീതനായ എം.എൽ.എ, സി.എം.എമ്മിന്റെ പ്രത്യേക ശൈലി പ്രകടമാക്കിയിരുന്നു. അടുത്ത ദിവസം വൈകുന്നേരമാണ് ഞങ്ങൾ നിയോഗിയുടെ വാടകവീട്ടിൽ എത്തുന്നത്. രാത്രി പതിനൊന്നുമണി ആയിട്ടുണ്ടാവും അദ്ദേഹം എത്തുമ്പോൾ. അദ്ദേഹത്തെ കാത്ത് നിരവധി തൊഴിലാളികൾ അവിടെ ഇരിപ്പുണ്ടായിരുന്നു. പരുക്കേറ്റ് ചികിത്സ കിട്ടാത്തവർ, വേതനം ലഭിക്കാത്തവർ, തൊഴിലിൽനിന്നും പിരിച്ചുവിടപ്പെട്ടവർ ഇങ്ങനെ നിരവധി പ്രശ്നങ്ങളുമായാണ് അവർ വന്നിരിക്കുന്നത്. എല്ലാവരുടേയും പ്രശ്നങ്ങൾ ശ്രദ്ധിച്ചുകേട്ട് വേണ്ട നിർദ്ദേശങ്ങൾ നൽകിയതിനുശേഷം, തന്റെ പരുത്തികുപ്പായവും പൈജാമയും അലക്കിയിടുവാൻ അദ്ദേഹം പോയി. വസ്ത്രങ്ങൾ അലക്കി, കുളിയും കഴിഞ്ഞ് എത്തിയ നിയോഗി തന്നെ സ്റ്റൗ കത്തിച്ച് അരിയും പരിപ്പും പാകപ്പെടുത്തികൊണ്ടാണ് എന്നോട് സംസാരിച്ചത്. ഛത്തീസ്ഗഡിന്റെ തൊഴിലാളികളുടെ പ്രശ്നങ്ങളെയും ഇന്ത്യയിലെ രാഷ്ട്രീയസംഭവവികാസങ്ങളെയും പുതിയ ഹരിതരാഷ്ട്രീയത്തെക്കുറിച്ചുമെല്ലാം അദ്ദേഹം എന്നോട് സംസാരിച്ചു. അദ്ദേഹം കൈകൊണ്ടു വിളമ്പിതന്നെ പച്ചരിചോറും പരിപ്പുകറിയും കഴിച്ച് ഉറങ്ങാൻ കിടക്കുമ്പോൾ രാവേറെയായിരുന്നു. ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന, ഭരണകൂടവും കുത്തകമുതലാളിമാരും അഴിമതിക്കാരായ ഉദ്യോഗസ്ഥരും തൊഴിലാളി യൂണിയൻ കങ്കാണിനേതൃത്വവും ഒരുപോലെ ഭീഷണിയായികാണുന്ന ഈ മനുഷ്യൻ വാക്കും പ്രവർത്തിയും വ്യത്യാസമില്ലാതെ, ലളിതജീവിതത്തിന് മാതൃകയായി എന്റെ തൊട്ടടുത്ത് കിടന്നുറങ്ങുന്നത് അത്ഭുതമായി തോന്നി.

മൂന്നരമണിയാവുമ്പോഴേക്കും നിയോഗി ഉണർന്നുകഴിഞ്ഞു. അപ്പോഴേക്കും തൊഴിലാളികൾ അദ്ദേഹത്തെ തേടി എത്തികൊണ്ടിരുന്നു. പ്രാഥമിക കാര്യങ്ങൾ നിർവഹിച്ച് ചായയുണ്ടാക്കി എനിക്കുംകൂടി നൽകി. തലേരാത്രി കഴുകിയിട്ട കുർത്തയും പൈജാമയും എടുത്ത് അണിഞ്ഞ്, ഓരോരുത്തരുടേയും പ്രശ്നങ്ങൾ കേട്ട് വേണ്ട പരിഹാരങ്ങൾ നിർദേശിച്ച് പ്രഭാതത്തിൽ തന്നെ അദ്ദേഹം യാത്ര പുറപ്പെട്ടു. വായിക്കുവാനുള്ള പത്രകട്ടിങ്ങുകളുടെ ഫയലുകൾ നൽകി രാത്രി കാണാം എന്നും പറഞ്ഞ് യാത്രയായി. തന്റെ ഡ്രൈവർ ആയ സിഖുകാരൻ മാത്രമാണ് വാടകവീട്ടിൽ സഹായിയായി ഉണ്ടാവുക. നിയോഗിയെ വധിക്കുവാൻ പലതവണ ശ്രമങ്ങൾ നടന്നിരുന്നു. ഏതുനിമിഷവും അതു സംഭവിച്ചേക്കുമെന്ന മുന്നറിയിപ്പ് രാഷ്ട്രപതിയായിരുന്ന സെയിൽസിംഗിനെ അദ്ദേഹം രേഖാമൂലം അറിയിച്ചതിന്റെ വിവരവും ഫയലുകളിൽ കണ്ടിരുന്നു. പൗരാവകാശസംരക്ഷണത്തിനുവേണ്ടി കർമ്മനിരതനായ ഒരു മനുഷ്യനെ വകവരുത്തുന്നതിലൂടെ ചൂഷകവൃന്ദങ്ങൾക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കാൻ കഴിയുമെന്ന് കണക്കുകൂട്ടിയായിരുന്നു വധശ്രമങ്ങൾ.

അടുത്ത മൂന്നു രാത്രികളിലും നിയോഗിയുമായ സംവദിക്കുവാൻ സന്ദർഭം ഉണ്ടാക്കി. ജനാധിപത്യത്തെക്കുറിച്ചു വ്യക്തമായ ധാരണ ഉണ്ടായിരുന്ന അദ്ദേഹം 'ഛത്തീസ്ഗഢ് മുക്തിമോർച്ച'യുടെ കൊടിയ രക്ത–ഹരിതവർണ്ണങ്ങൾ തിരഞ്ഞെടുത്തത് യാദൃശ്ചികമായിട്ടായിരുന്നില്ല. തൊഴിലാളിവർഗ്ഗത്തിന്റെ ഉശ്ശിരൻ പോരാട്ടവീര്യം ഉയർത്തിപ്പിടിക്കുവാൻ മുകളിൽ ചുവപ്പും ഹരിതരാഷ്ട്രീയം ഉൾകൊള്ളുവാൻ താഴെ പച്ചയും ബോധപൂർവ്വം തിരഞ്ഞെടുത്തതായിരുന്നു. ജനകീയ ജനാധിപത്യത്തിന്റെ മാതൃകയുടെ പരീക്ഷണങ്ങളായിരുന്നു നിയോഗി ഛത്തീസ്ഗഢിൽ പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിച്ചത്. സ്വയം നേതൃത്വം കൈയ്യാളുകയും ഭരണാധികാരശക്തിയും ഗുണഭോക്താവും ആയി മാറുന്ന രാഷ്ട്രീയ നേതൃത്വങ്ങളിൽനിന്നും വിഭിന്നനായി അണികളെ നേതൃത്വത്തിലേക്ക് ഉയർത്തികൊണ്ടുവരുവാനും സ്വന്തം ഭാഗധേയം സ്വയം കരുപ്പിടിപ്പിക്കുവാൻ പ്രാപ്തരാക്കുവാനുമുള്ള ശ്രമങ്ങളായിരുന്നു നിയോഗിയുടേത്. തന്റെ സ്വപ്നത്തിലെ കർമ്മതലങ്ങളുടെ ആദ്യപടിയിൽ പോലും താൻ എത്തിയിട്ടില്ലെന്ന് വിനയാന്വിതനായി അദ്ദേഹം പറഞ്ഞു. ഒരു തൊഴിലാളി യൂണിയൻ പ്രവർത്തകൻ എന്നതിനപ്പുറം സമഗ്രമായി ജനാധിപത്യത്തെ കാണുന്ന നിയോഗിയിൽനിന്നും ഏറെ പ്രതീക്ഷികളുമായിട്ടാണ് ഞാൻ ഛത്തീസ്ഗഢ് വിടുന്നത്. അദ്ദേഹത്തേ കേരളത്തിലേക്ക് ക്ഷണിക്കുകയും ഗ്രോവാസുവേട്ടനെപ്പോലെയുള്ളവരുമായി ബന്ധപ്പെട്ട് പുതിയൊരു മനുഷ്യസ്നേഹപരവും ജൈവികവുമായ രാഷ്ട്രീയത്തെകുറിച്ച് ആലോചിക്കുകയും വേണമെന്ന് തീരുമാനിച്ചാണ് മടങ്ങിയത്. നിയോഗിയുടെ തിരക്കുകൾ, ഭിലായിൽനിന്നും വിട്ടുനില്ക്കാൻ അദ്ദേഹത്തിന് തടസ്സമായിരുന്നു. ചുരുങ്ങിയ സമയംകൊണ്ടു ചെയ്തുതീർക്കുവാനുള്ളത് ചെയ്തുതീർക്കുവാനുള്ള തിരക്കിലായിരുന്നു അദ്ദേഹം. ഭാവിയിലേക്ക് ഉറ്റുനോക്കുവാൻ ഛത്തീസ്ഗഢ് ഒരു മാതൃകമാത്രമായിരുന്നു. പക്ഷെ, നിയോഗി, മനസ്സിലാക്കിയിരുന്നതുപോലെ ഒരു സെപ്റ്റംബർ 28ന് പുലർച്ചെ, തുറന്നിട്ടിരുന്ന തന്റെ വാടകമുറിയുടെ ജനാലയിലൂടെ സൈലൻസർ ഘടിപ്പിച്ച തോക്കുമായി വന്ന വാടകക്കൊലയാളി ആ മനുഷ്യസ്നേഹിയെ എന്നേക്കുമായി നിശബ്ദനാക്കി. വേണമെങ്കിൽ ഭരണകൂടത്തിന് നിയോഗിക്ക് സംരക്ഷണം നൽകാമായിരുന്നു. പക്ഷെ, ഭരണകൂടം കുത്തകകളുടേയും ഹവാല ഇടപാടുകളുടേയും വിദേശശക്തികളുടെയും ചട്ടുകമായി വർത്തിക്കുമ്പോൾ എവിടെ ജനാധിപത്യം പുഷ്ക്കലമാകാൻ? എവിടെ ചൂഷണം അവസാനിക്കാൻ? ദണ്ഡകാരണ്യത്തിലെ ആദിമവർഗ്ഗങ്ങൾക്ക് പിടിച്ചുനിൽക്കാൻ കുഴിബോംബുകളും ഒളിത്താവളങ്ങളും ഒരുക്കേണ്ടിവന്നത്, നിയോഗിയെ പോലൊരു നേതൃത്വത്തിന്റെ അഭാവത്തിലാണ്.